ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടറേറ്റുകൾ ഒരു സംവിധാനത്തിൻ കീഴിലാക്കാൻ നടപടി

15 (*282) ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടറേറ്റുകൾ ഒരു സംവിധാനത്തിൻ കീഴിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് പ്രാഥമിക ചർച്ചകൾ നടത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) ഇത് എന്ന് യാഥാർത്ഥ്യമാകുമെന്ന് വ്യക്തമാക്കാമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) :

(എ) ഇത്തരത്തിലൊരു നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഇല്ല. ചോദ്യം ഉദിക്കുന്നില്ല.

(സി) ഉത്തരം (ബി)യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

സാമ്പത്തിക ബുദ്ധിമുട്ടുമൂലം ഉപരിപഠനത്തിന് പോകാൻ കഴിയാത്ത കുട്ടികളെ സഹായിക്കുവാനുള്ള പദ്ധതി

16 (*283) ശ്രീ. എ. സുജനപാൽ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. പി. ജെ. ജോയി :
ശ്രീമതി മാലേത്ത് സരളാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കന്ററി വിദ്യാഭ്യാസത്തിന് ശേഷം സാമ്പത്തിക ബുദ്ധിമുട്ടുമൂലം ഉപരിപഠനത്തിന് പോകാൻ കഴിയാത്ത മിടുക്കന്മാരായ കുട്ടികളെ സഹായിക്കുവാൻ ഗവൺമെന്റിന് എന്തെല്ലാം പരിപാടികളുണ്ട് ;

(ബി) ഇത്തരക്കാർക്ക് ഫീസ്, പുസ്തകങ്ങൾ, താമസച്ചെലവ് മുതലായവ നൽകുവാൻ പര്യാപ്തമായ വിധത്തിലുള്ള എന്തെങ്കിലും സ്കോളർഷിപ്പ് നിലവിലുണ്ടോ ;

(സി) നിലവിലുള്ള ഗവൺമെന്റ് സ്കോളർഷിപ്പുകളുടെ പൂർണ്ണ വിവരം നൽകുമോ ;

(ഡി) ഇത്തരക്കാരെ സഹായിക്കുവാൻ നിലവിൽ പദ്ധതികളില്ലാത്ത പക്ഷം സാമ്പത്തിക ബുദ്ധിമുട്ടുള്ള കുട്ടികളുടെ വിദ്യാഭ്യാസച്ചെലവ് മുഴുവൻ കൊടുക്കാൻ പറ്റുന്ന സ്കോളർഷിപ്പ് പദ്ധതിക്ക് രൂപം നൽകുമോ എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ&ബി) കോളേജ് വിദ്യാഭ്യാസ വകുപ്പിൽ വരുമാനത്തിന്റേയും മാർക്കിന്റേയും അടിസ്ഥാനത്തിൽ നാഷണൽ മെരിറ്റ് സ്കോളർഷിപ്പ്, ടീച്ചേഴ്സ് മെരിറ്റ് സ്കോളർഷിപ്പ്, ജില്ലാ മെരിറ്റ് സ്കോളർഷിപ്പ് എന്നിവ നൽകി വരുന്നുണ്ട്. കൂടാതെ കുമാരപിള്ള കമ്മീഷൻ ശുപാർശ പ്രകാരമുള്ള ഫീസ് ഇളവും അനുവദിക്കുന്നുണ്ട്.

അന്ധ-വികലാംഗ വിദ്യാർത്ഥികൾക്ക് വരുമാന പരിധിയനുസരിച്ച് ബുക്ക് അലവൻസും താമസച്ചെലവും നൽകുന്നുണ്ട്. അന്ധ വിദ്യാർത്ഥികൾക്ക് വരുമാന പരിധിയുടെ അടിസ്ഥാനത്തിൽ ഫീസാനുകൂല്യത്തിന് അർഹതയുണ്ട്. ഹോസ്റ്റലിൽ താമസിക്കുന്ന നാഷണൽ മെരിറ്റ് സ്കോളർഷിപ്പിന് അർഹതയുള്ള വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ അലവൻസും നൽകുന്നുണ്ട്.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഡി) എ, ബി, സി എന്നീ ചോദ്യങ്ങളുടെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ പ്രശ്നം ഉദിക്കുന്നില്ല.

ഏരിയ ഇന്റൻസീവ് സ്കീം പ്രകാരം സ്ഥാപിച്ച സ്കൂളുകൾ എയ്ഡഡ് സ്കൂളുകളാക്കാൻ നടപടി

17(*284) ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏരിയ ഇന്റൻസീവ് സ്കീം പ്രകാരം കേന്ദ്ര ഗവൺമെന്റ് സഹായത്തോടെ സ്ഥാപിച്ച സ്കൂളുകൾ എയ്ഡഡ് സ്കൂളുകളാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിനുവേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ&ബി) 22-6-1995-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി) 2075/95 എസ്. വൈ.എ.പ്രകാരം സംസ്ഥാനത്ത് ഏരിയ ഇന്റൻസീവ് സ്കീം അനുസരിച്ച് 41 സ്കൂളുകൾ തുടങ്ങുവാൻ അനുമതി നൽകിയിരുന്നു. അതിൽ ഇപ്പോൾ പ്രവർത്തിച്ചുവരുന്ന 35 സ്കൂളുകളിലെ അദ്ധ്യാപകർക്കും അദ്ധ്യാപകേതര ജീവനക്കാർക്കും സർക്കാർ സ്കൂളുകളിലെ ജീവനക്കാരുടെ ശമ്പള സ്കെയിലിന്റെ മിനിമം നിരക്കിൽ ശമ്പളം നൽകുവാൻ സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് ഫയൽ ചെയ്ത ഒരു ഒ. പി.യിൽ ബഹുമാനപ്പെട്ട ഹൈക്കോടതി പ്രസ്തുത ഉത്തരവ് സ്റ്റേ ചെയ്തിട്ടുണ്ട്.

---

†അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - I

[27-6-2003-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 16(*283) -ന്റെ ഉത്തരം കാണുക]

പ്രീഡിഗ്രി, ഡിഗ്രി, ബിരുദാനന്തര ബിരുദം, തൊഴിലധിഷ്ഠിത കോഴ്സുകൾ എന്ന നിലവാരത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിക്കുന്ന സുപ്രധാന തരം സ്കോളർഷിപ്പുകൾ ചുവടെ ചേർക്കുന്നു.

1. ഡിസ്ട്രിക്റ്റ് മെരിറ്റ് സ്കോളർഷിപ്പ്

(ജില്ലാ മെരിറ്റ് സ്കോളർഷിപ്പ്) ഓരോ വർഷവും എസ്.എസ് എൽ.സി. പരീക്ഷയ്ക്ക് സംസ്ഥാനതലത്തിൽ ആദ്യത്തെ 15 റാങ്കുകാർക്കും ജില്ലാതലത്തിൽ ഓരോ ജില്ലയിലേയും 5 റാങ്കുകാർക്കും പ്രതിവർഷം രണ്ടായിരം രൂപ സ്കോളർഷിപ്പ് അനുവദിക്കുന്നു. 2000-01 അദ്ധ്യയന വർഷം മുതൽ 4000 രൂപയായി ഉയർത്തിയിട്ടുണ്ട്. ഈ സ്കോളർഷിപ്പ് നൽകുന്നത് വരുമാന പരിധി കണക്കാക്കാതെയാണ്. പ്രീഡിഗ്രിതലത്തിൽ ഓരോ ജില്ലയിലും സയൻസ് വിഷയത്തിൽ ഉന്നതമാർക്ക് നേടിയ മൂന്ന് വിദ്യാർത്ഥികൾക്കും, ഉന്നതമാർക്ക് വാങ്ങിയ രണ്ട് സയൻസേതര ഗ്രൂപ്പുകാർക്കും പ്രസ്തുത സ്കോളർഷിപ്പ് കൊടുക്കുന്നത്.

ഓരോ ജില്ലയിലും ഡിഗ്രി പരീക്ഷയിൽ സയൻസ് വിഷയത്തിൽ ഉന്നതമാർക്ക് വാങ്ങിയ ഒരു വിദ്യാർത്ഥിയ്ക്കും മേൽ സകോളർഷിപ്പ് നൽകുന്നു. 50 ശതമാനത്തിൽ കുറയാതെ മാർക്ക് വാങ്ങുന്ന എല്ലാ കുട്ടികൾക്കും സ്കോളർഷിപ്പ് പുതുക്കി നൽകുന്നതാണ്.

2. സംസ്ഥാന കായിക സ്കോളർഷിപ്പ്

സംസ്ഥാനത്തെ സ്പോർട്സ് കൗൺസിലിന്റെ ശുപാർശ അനുസരിച്ച് കോളേജുതലത്തിൽ ഒന്നും രണ്ടും മൂന്നും സമ്മാനങ്ങൾ വാങ്ങുന്ന വിദ്യാർത്ഥികൾക്ക് യഥാക്രമം 400, 300, 200 രൂപ നിരക്കിൽ സ്കോളർഷിപ്പ് അനുവദിക്കുന്നു. ഈ സ്കോളർഷിപ്പ് പുതുക്കി നൽകുന്നതല്ല.

3. മുസ്ലീം-നാടാർ സ്കോളർഷിപ്പ്

മുസ്ലീം നാടാർ സമുദായത്തിൽപ്പെട്ട ഓരോ വിദ്യാർത്ഥിനിക്കും 125 രൂപ നിരക്കിൽ പ്രതിവർഷം സ്കോളർഷിപ്പ് അനുവദിക്കുന്നു. വാർഷികവരുമാന പരിധി 18000 രൂപയാണ്. അപേക്ഷിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

എല്ലാ വിദ്യാർത്ഥിനികൾക്കും ഫണ്ടിന്റെ പര്യാപ്തത അനുസരിച്ച് അനുവദിക്കുന്നു. ഈ സ്കോളർഷിപ്പ് എല്ലാ വർഷവും പുതുക്കി നൽകുന്നതാണ്.

4. സാംസ്ക്കാരിക സ്കോളർഷിപ്പ് (മറ്റ് സ്കോളർഷിപ്പ്)

യൂണിവേഴ്സിറ്റിയിൽ നിന്നും അയച്ചു തരുന്ന ലിസ്റ്റ് പ്രകാരം സംസ്ഥാന യുവജനോത്സവത്തിൽ ഒന്നും രണ്ടും സമ്മാനം വാങ്ങുന്ന കുട്ടികൾക്ക് നൽകുന്ന സ്കോളർഷിപ്പും. ഒന്നാം സമ്മാനം 400 രൂപ. രണ്ടാം സമ്മാനം 300 രൂപ. വരുമാന പരിധിയില്ല.

5. അന്ധ-വികലാംഗ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം

കേരളത്തിന് ഏതെങ്കിലും ഗവൺമെന്റ് ആർട്സ്/സയൻസ് കോളേജുകളിൽ മ്യൂസിക് കോളേജുകൾ, ട്രെയിനിംഗ് കോളേജുകൾ ഇവകളിൽ പഠിക്കുന്ന വികലാംഗ വിദ്യാർത്ഥികൾക്ക് ഈ വകുപ്പിൽ നിന്നും ഫീസ് ആനുകൂല്യവും ബുക്കലവൻസ് ആയിരം രൂപയും കോളേജ് ഹോസ്റ്റലിൽ താമസിക്കുന്നവർക്ക് മുഴുവൻ ഹോസ്റ്റൽ ചെലവും നൽകുന്നു. പ്രതിവർഷ വരുമാന പരിധി 25,000 രൂപയാണ്. ബന്ധപ്പെട്ട ഹോസ്റ്റൽ വാർഡന്റെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഈ സൗജന്യം അനുവദിക്കുന്നു.

കേരളത്തിന്റെ ആർട്സ്/സയൻസ് കോളേജുകൾ, ട്രെയിനിംഗ് കോളേജുകൾ, മ്യൂസിക് കോളേജുകൾ ഇവയിൽ പഠിക്കുന്ന അന്ധ വിദ്യാർത്ഥികൾക്ക് ബുക്കലവൻസായി 150 രൂപയും സ്പെഷ്യൽ ഫീസും നൽകുന്നു. ഹോസ്റ്റൽ വാർഡന്റെ ഹോസ്റ്റൽ ചെലവ് സ്റ്റേറ്റുമെന്റിന്റെ അടിസ്ഥാനത്തിൽ സൗജന്യ ഹോസ്റ്റൽ സൗകര്യം നൽകുന്നു. ഹോസ്റ്റൽ സൗകര്യമില്ലാത്ത സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്ക് ബോർഡിംഗ് ഗ്രാന്റ് ആയി 200 രൂപ വിതരണം ചെയ്യുന്നു. ഫീസാനുകൂല്യത്തിനുള്ള വാർഷിക വരുമാനപരിധി 25000 രൂപയും, ബോർഡിംഗ് ലോഡ്ജിംഗ് ചാർജിനുള്ള വരുമാന പരിധി 50,000 രൂപയുമാണ്.

6. രാഷ്ട്രീയ യാതനക്കാരുടെ മക്കൾക്കുള്ള ഫീസ് സൗജന്യം ചാർജിനുള്ള
(ശീർഷകം 2202-03-107-95) നോൺ പ്ലാൻ.

I വാർഷിക വരുമാനം 15000 രൂപയിൽ കവിയാത്ത രാഷ്ട്രീയ യാതനക്കാരുടെ മക്കൾക്ക് ഫീസ് ആനുകൂല്യം നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

II യുദ്ധത്തിൽ മരണമടയുകയോ അംഗവൈകല്യം സംഭവിക്കുകയോ ചെയ്തിട്ടുള്ള സൈനികരുടെ മക്കൾക്കും ആശ്രിതർക്കും ഫീസ് ആനുകൂല്യവും ഹോസ്റ്റൽ ഫീസും നൽകുന്നു. വരുമാന പരിധിയില്ല.

7. ഐ.എ.എസ്. സ്കോളർഷിപ്പ്
(ശീർഷകം 2202-03-107-97) നോൺ പ്ലാൻ.

തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, മഹാരാജാസ് കോളേജ് എന്നിവിടങ്ങളിൽ എസ്.സി/എസ്.റ്റി. വിദ്യാർത്ഥികൾക്ക് ഐ.എ.എസ്. കോച്ചിംഗിനായി ഓരോ സാമ്പത്തികവർഷവും സ്കോളർഷിപ്പ് ഇനത്തിൽ ഓരോ കേന്ദ്രത്തിനും 6000 രൂപ വീതം അനുവദിക്കുന്നു.

8. ഹിന്ദി സ്കോളർഷിപ്പ്

ആ സംസ്ഥാനങ്ങളിൽ 239 സ്കോളർഷിപ്പുകൾ ഓരോ വർഷവും വിദ്യാർത്ഥികൾക്ക് അനുവദിക്കുന്നു. വാർഷിക വരുമാന പരിധിയിലെല്ലാം. ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് 100 രൂപയും ബിരുദ വിദ്യാർത്ഥികൾക്ക് 75 രൂപയും പ്രീഡിഗ്രി/പ്ലസ് ടൂ വിദ്യാർത്ഥികൾക്ക് 50 രൂപയുമാണ് പ്രതിമാസ നിരക്ക്. മുഴുവൻ ചെലവും ഇൻഡ്യാ ഗവൺമെന്റ് വഹിക്കുന്നു.

9. സ്റ്റേറ്റ് മെരിറ്റ് സ്കോളർഷിപ്പ്

പ്രീഡിഗ്രി, ബിരുദം, ബിരുദാനന്തര ബിരുദം എന്നീ നിലവാരങ്ങളിൽ പഠിക്കുന്ന 900 വിദ്യാർത്ഥികൾക്ക് യഥാക്രമം 450 എണ്ണം, 300 എണ്ണം, 150 എണ്ണം നൽകുന്നു. വരുമാന പരിധി നോക്കാതെ പി.എം.സ്റ്റേജ് 25 പേർക്ക്, പി. ഐ. സ്റ്റേജ് സയൻസ്-6, ആർട്സ്-6, ബി.കോം-3 സ്കോളർഷിപ്പ് അനുവദിക്കുന്നതാണ്.

വാർഷിക വരുമാന പരിധി

ഹയർ സെക്കന്ററി /പ്രീഡിഗ്രി	-	രൂപ 7500-ന് താഴെ
ഡിഗ്രി കോഴ്സ്	-	രൂപ 10000
ബിരുദാനന്തര ബിരുദം	-	രൂപ 12000

തുടർന്നുള്ള വർഷങ്ങളിൽ 45 ശതമാനം വാങ്ങുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് പുതുക്കി നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

10. ജവഹർ ലാൽ നെഹ്റു യൂണിവേഴ്സിറ്റി സ്കോളർഷിപ്പ്

ന്യൂഡൽഹി ജവഹർ ലാൽ യൂണിവേഴ്സിറ്റിയിൽ പഠിക്കുന്നതും യൂണിവേഴ്സിറ്റി ശുപാർശ ചെയ്യുന്നതുമായ ഒരു വിദ്യാർത്ഥിക്ക് 4 വർഷത്തേയ്ക്കാണ് ഈ സ്കോളർഷിപ്പ് അനുവദിക്കുന്നത്.

11. നാഷണൽ മെരിറ്റ് സ്കോളർഷിപ്പ്

ഇത് ഇൻഡ്യാ ഗവൺമെന്റിന്റെ സ്കോളർഷിപ്പ് സ്കീമാണ്. പോസ്റ്റ് മെട്രിക്, ബിരുദം, ബിരുദാനന്തര ബിരുദം ഇവയ്ക്ക് 1545 സ്കോളർഷിപ്പുകൾ അനുവദിച്ചിട്ടുണ്ട്. പ്രതിവർഷ വരുമാനം 25000 രൂപയിൽ കവിയാത്തതും കുറഞ്ഞത് 60 ശതമാനം മാർക്ക് എസ്.എസ്.എൽ.സി., പ്രീഡിഗ്രി, പ്ലസ് ടൂ/ ഡിഗ്രി പരീക്ഷകളിൽ നേടിയിട്ടുള്ള വിദ്യാർത്ഥികൾക്ക് അപേക്ഷക്കാവുന്നതാണ്.

ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് വരുമാന വരിധി, ബാധകമല്ല. ബന്ധപ്പെട്ട യൂണിവേഴ്സിറ്റികളിൽ നിന്നും പരീക്ഷാ കമ്മീഷണറിൽ നിന്നും കിട്ടുന്ന സെലക്ഷൻ ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത സ്കോളർഷിപ്പ് വിതരണം ചെയ്യുന്നത്. 25000 രൂപയിൽ കവിഞ്ഞ വരുമാനമുള്ള വിദ്യാർത്ഥികൾക്ക് 100 രൂപയും മെരിറ്റ് സർട്ടിഫിക്കറ്റും നൽകുന്നു.

സ്കോളർഷിപ്പ് നിരക്ക് ചുവടെ ചേർക്കുന്നു.

പോസ്റ്റ് മെട്രിക്	-	പ്രതിമാസം 60 രൂപ
ഒന്നാം വർഷ പോസ്റ്റ് ഇൻഡർ-		പ്രതിമാസം 60 രൂപ
11, 111-ാം വർഷം	-	പ്രതിമാസം 90 രൂപ
ബിരുദാനന്തര ബിരുദം	-	പ്രതിമാസം 120 രൂപ

ഹോസ്റ്റൽ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ ഫീസ് ഈ സ്കോളർഷിപ്പിനോടൊപ്പം നൽകാൻ അർഹരാണ്.

12. സ്കൂൾ അദ്ധ്യാപകരുടെ മക്കൾക്കുള്ള സ്കോളർഷിപ്പ്

വാർഷിക കുടുംബ വരുമാനം 100000 രൂപയിൽ കവിയാത്ത സ്കൂൾ അദ്ധ്യാപകരുടെ മക്കൾക്ക് നൽകുന്ന സ്കോളർഷിപ്പാണ്. 60 ശതമാനം മാർക്ക് വാങ്ങിയ വിദ്യാർത്ഥികൾ അപേക്ഷിക്കാൻ അർഹരാണ്. പ്രീഡിഗ്രിക്ക് 38-ഉം, ഡിഗ്രിക്ക് 3-ഉം സ്കോളർഷിപ്പുകൾ ഈ ഇനത്തിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സ്കോളർഷിപ്പ് നിരക്ക്

പ്രീഡിഗ്രി/+1, +2	-	പ്രതിമാസം 50 രൂപ
ബിരുദം	-	പ്രതിമാസം 75 രൂപ
ബിരുദാനന്തര ബിരുദം		പ്രതിമാസം 100 രൂപ

അനുബന്ധം - II

[27-6-2003-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 88(1398)-ന്റെ ഉത്തരം കാണുക]

GOVERNMENT OF KERALA

Abstract

MOBILISATION OF NON-TAX REVENUE -ENHANCEMENT OF NON-TAX REVENUE IN THE HIGHER EDUCATION DEPARTMENT-ORDERS ISSUED.

HIGHER EDUCATION (K) DEPARTMENT

G.O.(Ms.) No. 66/2003/H.Edn Dated, Thriuvananthapuram 7-6-2003

Read: G.O.(Ms) No.05/2002/H.Edn dated 15-1-2002

ORDER

The Committee on Non-tax revenue in the state consittuted as per G.O.(P) No. 668/97/Fin Dated,6-8-1997 had recommended for enhancement of the fees in Colleges including Professional Colleges. Subsequently the white paper on State Finances (June 2001) has proposed that the enhancement may be brought into effect immediately . Thereon Government examined the matter in detail and issued orders revising the rates of fees/charges realised for various services/facilities rendered by the Collegiate Education Department, Technical Education Department and Law Colleges as per Government Order read as 1st paper above.

2. Periodical meetings to evaluate the progress of Revenue Collection inculding non-tax revenue collections convinced the needs to enhance the non-tax revenue collections. Government examined the matter in detail and are pleased to revise the existing rates of fees/charges now collected for various facilities in the Colleges/Polytechnics with effect from the next academic year as follows:-

LIBRARY ARCHIVES Kerala Legislative Assembly